11. ബ്രാഞ്ച് കനാലിന്റെ പുനർനിർമ്മാണം

ശ്രീ. എ. കെ. ബാലൻ : സർ, കഴിഞ്ഞ ആഗസ്റ്റിൽ പാലക്കാട് ജില്ലയിൽ കനത്ത മഴയിൽ മലമ്പുഴ മെയിൻ ഇടതു ബ്രാഞ്ച് കനാൽ ബണ്ട് രണ്ടു ഭാഗങ്ങളിലായി തകരുകയുണ്ടായി. ചിതലി-ചുലന്നൂർ കനാലിൽ ചിറക്കോട്ട് അഞ്ചുഓവ് ഭാഗത്താണ് ഈ സംഭവം നടന്നത്. ഇതുമൂലം തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി, തരൂർ പഞ്ചായത്തുകളിലെ അത്തിപ്പൊറ്റ, ചിറക്കോട്, തരൂർ കുട്ടൻകോട്, ചുലന്നൂർ എന്നീ പ്രദേശങ്ങളിലെ 1500 ഹെക്ടർ സ്ഥലത്ത് രണ്ടാംവിള നെൽകൃഷി ചെയ്യാനാവാത്ത സാഹചര്യമാണുണ്ടായത്. 1000-ൽ അധികം വരുന്ന ചെറുകിട-ഇടത്തരം കർഷകരുടെ ജീവനോപാധിയാണ് കൃഷി. അതുപോലെ ഈ പ്രദേശത്തിലെ 3000-ൽപ്പരം കുടുംബങ്ങളുടെ കുടിവെള്ള സ്രോതസ്സും ഈ കനാലിൽ നിന്നുള്ള വെള്ളമാണ്. ഈ ബണ്ട് നിർമ്മിച്ച് കനാലിലൂടെ വെള്ളമൊഴുക്കിയാൽ മാത്രമേ ഇവിടെ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. 21-8-2014-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് ഇതു ചൂണ്ടിക്കാട്ടി ഞാൻ കത്ത് നൽകിയിരുന്നു. ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാർ സ്ഥലം സന്ദർശിക്കുകയും കനാൽ പുനർനിർമ്മാണത്തിന് കോഴിക്കോട് ഇറിഗേഷൻ പ്രോജക്ട് ചീഫ് എഞ്ചിനീയർ ഒരു കോടി ഇരുപത്തിമൂന്നു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 5-9-2014-ലെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചു. ജലവിഭവ വകുപ്പ് അത് ക്വറിയിട്ട് ഫയൽ മടക്കി. ഇതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇപ്പോഴും നെൽകൃഷി ചെയ്യുന്ന പ്രദേശമാണ് പാലക്കാട് ജില്ലയിലെ തരൂർ, ആലത്തൂർ, കുഴൽമന്ദം മേഖലകൾ. മലമ്പുഴ കനാലിലെ വെള്ളത്തെ ആശ്രയിച്ചുമാത്രമേ ഇവിടെ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. കനാൽ പുനർനിർമ്മിക്കാതെ പാടത്തുവെള്ളമെത്തിക്കാനോ കൃഷിയിറക്കാനോ കഴിയില്ല. ആയതിനാൽ തകർന്ന മലമ്പുഴ മെയിൻ ഇടതു ബ്രാഞ്ച് കനാൽ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇക്കഴിഞ്ഞ കാലവർഷത്തിൽ പാലക്കാട് ജില്ലയുടെ പല ഭാഗത്തുമുണ്ടായ കെടുതിയുടെ ഭാഗമായി മലമ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിൽ പലഭാഗത്തും തകർച്ചയുണ്ടായി. രണ്ടാംവിള നെൽകൃഷിക്ക് ജലം ലഭ്യമാക്കേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് (എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ടാണ്, അത് അങ്ങേക്ക് വെരിഫൈ ചെയ്യാം.) താല്കാലികമായി 12 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തികൾ നടത്തുകയും ജലവിതരണം പുനഃസ്ഥാപിക്കുകയും ചെയ്തു. തകർന്ന ഭാഗങ്ങൾ ശാശ്വതമായി പുനർനിർമ്മിക്കുന്നതിന് 122.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കിട്ടിയിട്ടുണ്ട്. അത് അടിയന്തരമായി പരിശോധിച്ച് അതിനുള്ള അനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly